## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235** **02-08-2021 - ൽ മറുപടിയ്ക്ക്**

## വില്ലേജ് ഓഫീസുകൾ ജന സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എ. രാജ,<br>ശ്രീ വി ജോയി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജ് ഓഫീസുകൾ ജന സൗഹൃദമാക്കുന്നതിനായി നൂറ് ദിവസത്തിനുള്ളിൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | ഈ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് 20 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിനും 50 വില്ലേജ് ഓഫീസുകൾ പൂർണ്ണമായി സ്മാർട്ട് ആക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനകം മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ട് ആക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഉദ്ഘാടനം പ്രതീക്ഷിക്കുന്ന 23 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പട്ടിക അനുബന്ധം-1 ആയും സേവനങ്ങൾ പൂർണ്ണമായും സ്മാർട്ട് ആക്കുന്ന 50 വില്ലേജ് ഓഫീസുകളുടെ പട്ടിക അനുബന്ധം-2 ആയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വർദ്ധനവിന് പദ്ധതിയുണ്ടോ; | (ബി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി പ്ലാൻ സ്കീം പ്രകാരം വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ചുറ്റുമതിൽ നിർമ്മാണം, കുടിവെള്ള സൗകര്യം, ടോയ്ലറ്റ് സൗകര്യം, സ്ഥലപരിമിതികൾ ഉള്ള വില്ലേജ് ഓഫീസുകളിൽ അധികമുറി നിർമ്മാണം, കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിന്റ ഭാഗമായി സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രളയ ബാധിത പ്രദേശങ്ങളിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു. |
| (സി) | വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ കുറവ് മൂലം അഴിമതിയും കെടുകാര്യസ്ഥതയും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലാൻഡ് റവന്യൂ വകുപ്പിൽ സുശക്തമായ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ തന്നെ ഒരു അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; | | കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്ന് സെക്ഷനുകളിലായി പരിശോധന വിഭാഗം പ്രവർത്തിച്ചു വരുന്നു. ഓരോ സെക്ഷനിലും ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ജൂനിയർ സൂപ്രണ്ടുമാർ, ക്ലാർക്കുമാർ എന്നിവർ അടങ്ങുന്ന ഒരു സംഘം നിലവിലുള്ളതും ഈ ടീം കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, സ്പെഷ്യൽ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ യഥാസമയം പരിശോധിച്ചു വരുന്നതുമാണ്. ഇത്തരത്തിൽ വളരെ കാര്യക്ഷമവും സമഗ്രവുമായ രീതിയിൽ വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിലെ അഴിമതി തടയുന്നതിനായി ലാൻഡ് റവന്യൂ വകുപ്പ് സജീവമായി പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മന്ത്രിയെ നേരിട്ടറിയിക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാതരം പരാതികളും അഭിപ്രായങ്ങളും റവന്യൂ മന്ത്രിക്ക് നൽകുന്നതിന് റവന്യൂ മിത്രം എന്ന പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിയ്ക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം എന്നത് കൊണ്ടുദ്ദേശിക്കുന്നത്. പൊതു ജനത്തിന് ലോകത്തിന്റെ ഏത് കോണിലിരുന്നുവേണമെങ്കിലും അയാളെ സംബന്ധിക്കുന്നതോ അല്ലെങ്കിൽ മറ്റൊരാൾക്ക് വേണ്ടിയോ പരാതികൾ mitram.revenue.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി നൽകുന്നതിനും അതിന്റെ മറുപടി ഓൺലൈനായി തന്നെ ലഭ്യമാക്കുന്നതിനും, പരാതിയുടെ നിലവിലെ സ്ഥിതി, ഓരോ ഓഫീസുകളിലും സ്വീകരിച്ച നടപടി, പ്രസ്തുത നടപടി സ്വീകരിക്കാൻ എടുത്ത സമയം തുടങ്ങിയ എല്ലാ വിവരങ്ങളും സുതാര്യമായി പരാതി അയച്ച ആളിനും, റവന്യൂ മന്ത്രിയുടെ ഓഫീസിലും, റവന്യൂ വകുപ്പിന്റെ മറ്റേത് ഓഫീസിനും കൃത്യമായി അറിയാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**100 ദിന കർമ്മപരിപാടി - ഉദ്ഘാടനം പ്രതീക്ഷിക്കുന്ന വില്ലേജുകൾ**

| ജില്ല | ക്രമ നം | വില്ലേജ് | റിമാർക്സ് |
|---|---|---|---|
| തിരുവനന്തപുരം | 1 | കുടവൂർ | 2019-20 |
| | 2 | വിളപ്പിൽ | 2019-20 |
| | 3 | വക്കം | 2019-20 |
| | 4 | വിതുര | 2019-20 |
| | 5 | മടവൂർ | 2019-20 |
| കൊല്ലം | 6 | പുന്നല | 2019-20 |
| ആലപ്പുഴ | 7 | പത്തിയൂർ | 2019-20 |
| ഇടുക്കി | 8 | ഇരട്ടയാർ | 2018-19 |
| പാലക്കാട് | 9 | മാത്തൂർ-2 | 2019-20 |
| | 10 | മൂലത്തറ | 2019-20 |
| | 11 | പുതൂർ | 2019-20 |
| മലപ്പുറം | 12 | മലപ്പുറം | 2018-19 |
| | 13 | പുറത്തൂർ | 2018-19 |
| കോഴിക്കോട് | 14 | കായക്കൊടി | 2019-20 |
| | 15 | ചേളന്നൂർ | 2019-20 |
| വയനാട് | 16 | കോട്ടപ്പാടി | 2018-19 |
| കണ്ണൂർ | 17 | ധർമ്മടം | 2019-20 |
| | 18 | കൂടാളി | 2019-20 |
| | 19 | മലപ്പട്ടം | 2019-20 |
| കാസർഗോഡ് | 20 | പരപ്പ | 2018-19 |
| | 21 | പുല്ലൂർ | 2019-20 |
| | 22 | വെസ്റ്റ് എളേരി | 2019-20 |
| | 23 | കുംബടാജെ | 2019-20 |

**അനുബന്ധം -II**

<u>സേവനങ്ങൾ പൂർണ്ണമായും സ്മാർട്ടാക്കുന്ന 50 വില്ലേജാഫീസുകൾ</u>

| ക്രമ നം. | **ജില്ല** | **താലൂക്ക്** | **വില്ലേജ്** |
|---|---|---|---|
| 1 | കോഴിക്കോട് | കോഴിക്കോട് | നഗരം |
| 2 | കോഴിക്കോട് | കോഴിക്കോട് | പന്തീരാങ്കാവ് |
| 3 | കോഴിക്കോട് | കൊയിലാണ്ടി | മൂടാടി |
| 4 | കോഴിക്കോട് | കൊയിലാണ്ടി | കീഴാരിയൂർ |
| 5 | കോഴിക്കോട് | കൊയിലാണ്ടി | കൊഴുക്കല്ലൂർ |
| 6 | കോഴിക്കോട് | കൊയിലാണ്ടി | കായണ്ണ |
| 7 | വയനാട് | സുൽത്താൻബത്തേരി | നൂൽപ്പുഴ |
| 8 | വയനാട് | സുൽത്താൻബത്തേരി | കുപ്പാടി |
| 9 | വയനാട് | വൈത്തിരി | കൽപ്പറ്റ |
| 10 | വയനാട് | മാനന്തവാടി | മാനന്തവാടി |
| 11 | വയനാട് | മാനന്തവാടി | ചെറുകാട്ടൂർ |
| 12 | പാലക്കാട് | പാലക്കാട് | കോങ്ങാട്-2 |
| 13 | പാലക്കാട് | പാലക്കാട് | പാലക്കാട്-1 |
| 14 | പാലക്കാട് | പാലക്കാട് | പാലക്കാട്-2 |
| 15 | പാലക്കാട് | പാലക്കാട് | പാലക്കാട്-3 |
| 16 | പാലക്കാട് | പാലക്കാട് | അകത്തേത്തറ |
| 17 | പാലക്കാട് | പാലക്കാട് | മലമ്പുഴ-1 |
| 18 | പാലക്കാട് | പാലക്കാട് | മലമ്പുഴ-2 |
| 19 | പാലക്കാട് | പാലക്കാട് | മരുതാറോഡ് |
| 20 | പാലക്കാട് | പാലക്കാട് | പിരായിരി |
| 21 | പാലക്കാട് | പാലക്കാട് | കണ്ണാടി-1 |
| 22 | പാലക്കാട് | പാലക്കാട് | കണ്ണാടി-2 |
| 23 | പാലക്കാട് | പാലക്കാട് | യാക്കര |
| 24 | പാലക്കാട് | പാലക്കാട് | പറളി-1 |
| 25 | പാലക്കാട് | പാലക്കാട് | പറളി-2 |
| 26 | പാലക്കാട് | പാലക്കാട് | മങ്കര |
| 27 | പാലക്കാട് | പാലക്കാട് | മണ്ണൂർ |
| 28 | പാലക്കാട് | പാലക്കാട് | കേരളശ്ശേരി |
| 29 | പാലക്കാട് | പാലക്കാട് | കോങ്ങാട്-1 |
| 30 | പാലക്കാട് | പാലക്കാട് | മുണ്ടൂർ-1 |

| | | | |
|---|---|---|---|
| 31 | പാലക്കാട് | പാലക്കാട് | മുണ്ടൂർ-2 |
| 32 | പാലക്കാട് | പാലക്കാട് | പുതുപ്പരിയാരം-1 |
| 33 | പാലക്കാട് | പാലക്കാട് | പുതുപ്പരിയാരം-2 |
| 34 | പാലക്കാട് | പാലക്കാട് | എലപ്പുള്ളി-1 |
| 35 | പാലക്കാട് | പാലക്കാട് | എലപ്പുള്ളി-2 |
| 36 | പാലക്കാട് | പാലക്കാട് | പുതുശ്ശേരി ഈസ്റ്റ് |
| 37 | പാലക്കാട് | പാലക്കാട് | പുതുശ്ശേരി സെൻട്രൽ |
| 38 | പാലക്കാട് | പാലക്കാട് | പുതുശ്ശേരി വെസ്റ്റ് |
| 39 | പാലക്കാട് | പാലക്കാട് | കൊടുമ്പ് |
| 40 | പാലക്കാട് | പാലക്കാട് | പെരുവേമ്പ |
| 41 | പാലക്കാട് | പാലക്കാട് | പോൽപ്പുള്ളി |
| 42 | മലപ്പുറം | ഏറനാട് | കീഴുപറമ്പ |
| 43 | മലപ്പുറം | ഏറനാട് | പന്തല്ലൂർ |
| 44 | മലപ്പുറം | ഏറനാട് | വെട്ടിക്കാട്ടിരി |
| 45 | മലപ്പുറം | ഏറനാട് | മഞ്ചേരി |
| 46 | മലപ്പുറം | ഏറനാട് | പയ്യനാട് |
| 47 | മലപ്പുറം | ഏറനാട് | നറുകര |
| 48 | മലപ്പുറം | ഏറനാട് | കാരക്കുന്ന് |
| 49 | മലപ്പുറം | ഏറനാട് | എളങ്കൂർ |
| 50 | മലപ്പുറം | ഏറനാട് | എടവണ്ണ |